# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 , 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


08.08.2016

**പത്രക്കുറിപ്പ്:**

## സാഹിത്യ അക്കാദമി
## മാനുഷികമൂല്യങ്ങളെ പ്രോജ്വലിപ്പിക്കും
### വൈശാഖൻ

മാനുഷികമൂല്യങ്ങളെ കൂടുതൽ പ്രോജ്വലിപ്പിക്കുന്നതിന് സാഹിത്യ അക്കാദമി പ്രതിജ്ഞാബദ്ധമാണെന്ന് കേരള സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ പറഞ്ഞു. അക്കാദമി ഓഫീസിലെത്തി ചുമതല ഏറ്റെടുത്ത വേളയിൽ നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രോഗാതുരമായ സമൂഹത്തിന് ലഭിക്കുന്ന ഔഷധലേപനമാണ് സാഹിത്യം. അത് എല്ലാ വിഭാഗം ജനങ്ങൾക്കും അവകാശപ്പെട്ടതാണ്. ഭാഷാഭിമാനികളായ മുഴുവൻ മലയാളികളുടെയും സ്വന്തം സ്ഥാപനമാണ് അക്കാദമി. തൊഴിലാളികൾക്കും സ്ത്രീകൾക്കും ആദിവാസികൾക്കും ഇടയിലേക്ക് അക്കാദമിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് പുതിയ ഭരണസമിതി മുൻകൈ എടുക്കും. പുതിയ തലമുറയിൽ സാഹിത്യാഭിരുചി വളർത്തിയെടുക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കും. എല്ലാവർക്കും പ്രയോജനപ്പെടുന്നവിധം താഴെത്തലത്തിൽ വരെ സാഹിത്യവും സംസ്കാരവും എത്തിക്കുക എന്നതാണ് അക്കാദമിയുടെ ദൗത്യം. വിദ്യാർത്ഥികൾക്കിടയിൽ സാഹിത്യപ്രവർത്തനങ്ങൾ ഇപ്പോൾ എത്തിച്ചാലേ ഇരുപത് വർഷങ്ങൾക്കപ്പുറത്തെ കേരളം സാംസ്കാരികമായി പ്രബുദ്ധത നേടൂ. ഇന്ത്യൻ അവസ്ഥയെ തിരിച്ചറിയാൻ സഹായിക്കുന്ന ആശയസംവാദങ്ങൾ അക്കാദമി സംഘടിപ്പിക്കും. വിവിധഭാഷകളിലെ അഖിലേന്ത്യാപ്രശസ്തരായ എഴുത്തുകാരെ സമ്മേളനങ്ങളിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുമെന്നും വൈശാഖൻ പറഞ്ഞു.

അക്കാദമി വൈസ് പ്രസിഡണ്ടായി ഡോ.ഖദീജ മുംതാസ് ചുമതലയേറ്റു. അക്കാദമിയുടെ പ്രവർത്തനങ്ങൾ ജനകീയമാക്കാൻ മുഴുവൻ എഴുത്തുകാരുടെയും സഹൃദയരുടെയും പിന്തുണ ഉണ്ടാകണമെന്ന് ഡോ.ഖദീജ മുംതാസ് അഭ്യർത്ഥിച്ചു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

കെ.പി.ശങ്കരൻ, എസ്.കെ.വസന്തൻ, ഫാ.ഫ്രാൻസിസ് ആലപ്പാട്ട്, രാവുണ്ണി, പ്രഭാകരൻ പഴശ്ശി, എൻ.ആർ.ഗ്രാമപ്രകാശ്, ടി.ഡി.രാമകൃഷ്ണൻ, പ്രിയനന്ദനൻ, സാവിത്രി ലക്ഷ്മണൻ, സിസ്റ്റർ ജസ്മി, എൻ.പി.ചന്ദ്രശേഖരൻ, വി.ജി.തമ്പി, അഷ്ടമൂർത്തി, എം.മുരളീധരൻ, പാർവതീ പവനൻ, എം.എൻ.വിനയകുമാർ, ടി.ആർ.ചന്ദ്രദത്ത്, ജയരാജ് വാര്യർ, ലിസി, പ്രൊഫ.എം. മാധവൻകുട്ടി, എൻ.രാജൻ, സി.ആർ.ദാസ്, വിനയലാൽ, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, ഇ.ടി.വർഗീസ്, പ്രൊഫ.ടി.എ.ഉഷാകുമാരി, കെ.ജെ.ജോണി, പി.എസ്.ഇക്ബാൽ, വി.ഡി. പ്രേംപ്രസാദ്, അഭിമന്യു, എൻ.ശ്രീകുമാർ, കടാങ്കോട് പ്രഭാകരൻ, പി.കെ.ഭരതൻ, ബാലകൃഷ്ണൻ അഞ്ചത്ത്, അഡ്വ.ഇ.രാജൻ, ആശ ചാക്കോച്ചൻ, വിജേഷ് എടക്കുന്നി തുടങ്ങി കലാ-സാംസ്കാരികരംഗത്തെയും പൊതുരംഗത്തെയും നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുത്തു.

**ആർ. ഗോപാലകൃഷ്ണൻ**

സെക്രട്ടറി